
# ഹോളോകാസ്റ്റിനെ തൊട്ടുകളിച്ചാൽ

**ആസ്ത്രിയ,** ബെൽജിയം, ചെക് റിപ്പബ്ലിക്, ഫ്രാൻസ്, ജർമനി, ലിത്വാനിയ, പോളണ്ട്, സ്ലോവാക്യ, സ്വിറ്റ്സ്വർലാന്റ് ഇതിൽ ഏതെങ്കിലും ഒരു രാജ്യത്ത് പോയി രണ്ടാംലോക യുദ്ധകാലത്ത് ഹിറ്റ്ലർ ആറ് മില്യൻ ജൂതന്മാരെ കൊന്നോ എന്ന് നാലാൾ കേൾക്കെ സംശയിച്ചുപോയാൽ നിങ്ങൾ കുടുങ്ങിയതു തന്നെ. മൂന്നുകൊല്ലം കഠിന തടവ് ഉറപ്പ്. രണ്ടര മില്യൻ ജൂതന്മാരെയല്ലേ കൊന്നുള്ളൂ എന്ന് എണ്ണം കുറച്ച് പറഞ്ഞാലും ശിക്ഷയിൽ ഇളവ് പ്രതീക്ഷിക്കേണ്ട. ഹോളോകാസ്റ്റ് എന്ന് നിങ്ങളുടെ നാവിൽനിന്ന് വീണുപോയിട്ടുണ്ടെങ്കിൽ 'ഹിറ്റ്ലർ ആറ് മില്യൻ ജൂതന്മാരെ കൂട്ടക്കൊല ചെയ്തു' എന്നുകൂടി കൂട്ടിച്ചേർത്തിരിക്കണം. കാരണം മേൽ ചൊന്ന രാജ്യങ്ങളിൽ അങ്ങനെ പറയാതിരിക്കുന്നത് ക്രിമിനൽ കുറ്റമാകുന്നു!



റജാ ഗരോഡി

ഇത്രക്ക് പരിഹാസ്യമായ ഒരു നിയമം മറ്റേതെങ്കിലും പരിഷ്കൃത രാജ്യത്ത് നിലനിൽക്കുന്നതായി അറിയില്ല. ഹോളോകാസ്റ്റ് (രണ്ടാം ലോകയുദ്ധകാലത്ത് നാസി ജർമനിയും അവരുടെ കൂട്ടാളികളും ജൂതന്മാരായ പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും അധികാരത്തിന്റെ പിൻബലത്തിൽ ആസൂത്രിതമായി കൂട്ടക്കൊല ചെയ്തതിനെയാണ് *എൻസൈക്ലോപീഡിയാ ഓഫ് ബ്രിട്ടാനിക്ക* ഹോളോകാസ്റ്റ് എന്ന് നിർവചിക്കുന്നത്) നടന്നതാണെങ്കിലും, ഇറാനിയൻ പ്രസിഡന്റ് അഹ്മദി നിജാദ് പറയുന്നപോലെ ഒരു കെട്ടുകഥയാണെങ്കിലും മറ്റേതൊരു സംഭവവുമെന്നപോലെ അതിന്റെ നിജഃസ്ഥിതി പരിശോധിക്കാനുള്ള അവകാശം ഗവേഷകർക്കും അറിയാനുള്ള അവകാശം പൊതുസമൂഹത്തിനുമുണ്ട്. ഈ മൗലികാവകാശമാണ് അഭിപ്രായസ്വാതന്ത്ര്യമുണ്ടെന്ന് പറയപ്പെടുന്ന ഈ രാജ്യങ്ങളിൽ നിഷേധിക്കപ്പെട്ടിരിക്കുന്നത്.




ഡേവിഡ് ഇർവിംഗ്

റജാ ഗരോഡി കോടതി കയറേണ്ടി വന്നത് ഇതിന്റെ പേരിലാണ്. ബ്രിട്ടീഷ് ചരിത്രകാരനായ ഡേവിഡ് ഇർവിംഗ് ഹോളോകാസ്റ്റിനെക്കുറിച്ച് സംശയമുന്നയിച്ചതിന് പതിമൂന്ന് മാസം ജയിലിലായിരുന്നു. ആസ്ത്രിയൻ കോടതിയാണ് ഈ ചരിത്രകാരനെ മൂന്ന് വർഷം തടവിന് ശിക്ഷിച്ചത്. ഓഷ്വിറ്റ്സ് ഗ്യാസ് ചേംബർ കെട്ടുകഥയാണെന്ന് പതിനേഴ് വർഷംമുമ്പ് അദ്ദേഹം ഒരു പുസ്തകത്തിൽ എഴുതിയിരുന്നു. ഹിറ്റ്ലറുടെ കാലത്ത് കൂടിയാൽ 2.7 മില്യൻ ജൂതന്മാർ കൊല്ലപ്പെട്ടിരിക്കാം എന്നും എഴുതി. ജൂതന്മാരെ കൂട്ടക്കൊല ചെയ്യുന്ന വിവരം 1943 വരെ ഹിറ്റ്ലർ അറിഞ്ഞിരുന്നില്ല എന്ന് വെളിപ്പെടുത്തുന്ന അദ്ദേഹത്തിന്റെ Hitler's War (1977) വലിയ വിവാദങ്ങൾക്ക് തിരികൊളുത്തിയിരുന്നു.

മൂന്ന് വർഷത്തെ തടവിന് ശിക്ഷിച്ച ഇർവിംഗിനെ പതിമൂന്ന് മാസം കഴിഞ്ഞ് വിട്ടയക്കുന്നത് പഴയ നിലപാടുകളിൽ അദ്ദേഹം കാര്യമായ മാറ്റങ്ങൾ വരുത്തിയതുകൊണ്ടാണെന്ന് കേസ് പരിശോധിച്ച ന്യായാധിപൻ പറഞ്ഞിരുന്നു. ജയിൽമോചിതനായ ശേഷം ഇർവിംഗ് പറഞ്ഞതാകട്ടെ, തന്റെ ഒരു നിലപാടിൽനിന്നും താൻ പിന്നോട്ടുപോയിട്ടില്ലെന്നും! ഹോളോകാസ്റ്റ് ക്രിമിനൽ നിയമം പൊതുസമൂഹത്തിൽ ചർച്ചയാവുന്നതിന്റെ സൂചനയായി ഇതിനെ മനസ്സിലാക്കാം. പ്രശ്നം കൂടുതൽ വിവാദമാക്കേണ്ടെന്നു കരുതി നേരത്തേ വിട്ടയച്ചതാകാം ഇർവിംഗിനെ.

അഭിപ്രായം തുറന്നുപറഞ്ഞതിന് ഇപ്പോഴും വില കൊടുത്തുകൊണ്ടിരിക്കുകയാണ് ഇർവിംഗ്. ജയിലിൽനിന്ന് പുറത്തുവന്നപ്പോഴേക്കും താമസിച്ചിരുന്ന ലണ്ടനിലെ അപ്പാർട്ട്മെന്റ് അദ്ദേഹത്തിന് നഷ്ടമായി. ജയിലിൽ കുറ്റവാളികളുടെ കൂടെയാണ് ഈ ചരിത്രകാരനെ പാർപ്പിച്ചിരുന്നത്. ഇതെല്ലാം വെച്ച് ഒരു ആത്മകഥ എഴുതാനുള്ള പുറപ്പാടിലാണ് അദ്ദേഹം. ഹോളോകാസ്റ്റ് ചർച്ച ചെയ്യാൻ ഇറാനിയൻ പ്രസിഡന്റ് തെഹ്റാനിൽ സംഘടിപ്പിച്ച സമ്മേളനം കൂടുതൽ ഗവേഷണം അതു സംബന്ധമായി നടക്കുന്നതിന്റെ സൂചനയാണ്. ■

# അമീനാ ഖുത്വ്ബ്



**ശഹീദ്** സയ്യിദ് ഖുത്ബിന്റെ ഇളയ സഹോദരിയും സാഹിത്യകാരിയുമായ അമീനാ ഖുത്ബ് അന്തരിച്ചു. ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ഔദ്യോഗിക വെബ്സൈറ്റായ *ഇഖ്‌വാൻ ഓൺലൈനാ*ണ് വാർത്ത റിപ്പോർട്ട് ചെയ്തത്. തെക്കൻ കയ്റോയിലെ ഹുൽവാനിലുള്ള വീട്ടിൽ വെച്ചായിരുന്നു അന്ത്യം (7.1.2007). പിറ്റേന്ന് നടന്ന ജനാസ നമസ്കാരത്തിന് ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ കാര്യദർശി മുഹമ്മദ് മഹ്ദി ആകിഫ് നേതൃത്വം നൽകി.

അമീനാ ഖുത്ബിന്റെ മാതൃകാ ദാമ്പത്യത്തെക്കുറിച്ച് ഈ കോളത്തിൽ മുമ്പ് എഴുതിയിട്ടുണ്ട്. സയ്യിദ് ഖുത്ബിന്റെ സഹതടവുകാരനായ കമാൽ സനാനീരിയായിരുന്നു അവരുടെ ഭർത്താവ്. സനാനീരി ജയിലിലായിരിക്കെയാണ് വിവാഹം നടന്നത്. 1973 മുതൽ 1981 വരെയുള്ള ഹ്രസ്വമായ കാലയളവായിരുന്നു അവരുടെ ദാമ്പത്യജീവിതം. 1981-ൽ വീണ്ടും സനാനീരി അറസ്റ്റ് ചെയ്യപ്പെട്ടു. അഫ്ഗാനിൽ സോവിയറ്റ് സൈന്യത്തിനെതിരെ പൊരുതാൻ പോകുന്ന സംഘങ്ങളുടെ ചുമതലയായിരുന്നു സനാനീരിക്ക്. ആരൊക്കെ അഫ്ഗാനിൽ പോകുന്നു എന്നറിയാനായിരുന്നു സനാനീരിയെ അറസ്റ്റ് ചെയ്തത്. ഇന്നത്തെ ഇഖ്‌വാൻ കാര്യദർശി മഹ്ദി ആകിഫിനെയും ഒപ്പം അറസ്റ്റ് ചെയ്തിരുന്നു. ഇരുവരെയും അടുത്തടുത്ത സെല്ലുകളിലാണ് പാർപ്പിച്ചിരുന്നത്. ആകിഫ് സംഭവം ഇങ്ങനെ അനുസ്മരിക്കുകയുണ്ടായി:

"അഫ്ഗാനിലേക്ക് പോയവർ ആരൊക്കെ എന്നറിയാനായി അവർ സനാനീരിയെ കഠിനമായി പീഡിപ്പിച്ചു. ശബ്ദകോലാഹലങ്ങളൊക്കെ ഞാൻ കേൾക്കുന്നുണ്ട്. 'ഒരു വിശ്വാസിയെയും ദ്രോഹിക്കില്ലെന്ന് ഞാൻ അല്ലാഹുവിനോട് കരാർ ചെയ്തിരിക്കുന്നു' എന്നു മാത്രമായിരുന്നു സനാനീരിയുടെ മറുപടി. കുറച്ചു കഴിഞ്ഞപ്പോൾ എല്ലാ ശബ്ദവും നിലച്ചു. ഇനി എന്റെ ഊഴമാണ്. ചോദ്യം ചെയ്യാൻ വന്നവരോട് ഞാൻ പറഞ്ഞു: എന്റെ സഹോദരൻ സനാനീരി പറഞ്ഞതേ എനിക്കും നിങ്ങളോട് പറയാനുള്ളൂ. എന്തു വേണമെങ്കിലും ചെയ്യാം..."

സനാനീരിയെ ഭരണകൂടം ക്രൂരമായി കൊലപ്പെടുത്തുകയായിരുന്നു. ഭർത്താവിന്റെ മരണത്തിൽ അനുശോചിച്ചുകൊണ്ട് 'രക്തസാക്ഷിക്ക് ഒരു കത്ത്' (*രിസാലതുൻ ഇലശ്ശഹീദ്*) എന്നൊരു വിലാപകാവ്യം അമീനാ ഖുത്ബ് എഴുതിയിട്ടുണ്ട്. ■

# സയ്യിദ് മൗദൂദിയുടെ വീഡിയോ അഭിമുഖം വെബ്സൈറ്റിൽ




**സയ്യിദ്** അബുൽ അഅ്‌ലാ മൗദൂദിയുടെ ഒരഭിമുഖത്തിന്റെ വീഡിയോ അവതരണം കേരള ജമാഅത്ത് സൈറ്റിൽ. 'ദാഈ ഇലല്ലാഹ് കേ ഔസാഫ്' (പ്രബോധകന്റെ ഗുണവിശേഷങ്ങൾ) എന്ന വിഷയത്തിൽ ഉർദുവിൽ നടത്തിയ അഭിമുഖമാണിത്. അമേരിക്കൻ സന്ദർശനവേളയിൽ നടത്തിയ സംഭാഷണത്തിന് ഇരുപത് മിനിറ്റ് ദൈർഘ്യമുണ്ട്. 'റിയൽ പ്ലയറി'ൽ പ്രവർത്തിക്കുന്ന ഈ കളർ വീഡിയോ ക്ലിപ്പിംഗ് സയ്യിദ് മൗദൂദിയുടേതായി നിലനിൽക്കുന്ന അപൂർവ ശേഖരങ്ങളിലൊന്നാണ്.

മൗദൂദിയുടെ പ്രധാന ഗ്രന്ഥങ്ങളുടെ മലയാള ഓഡിയോ വേർഷന്റെ ഭാഗമായി *ഖുത്ബാതി*ന്റെ ഓഡിയോ രൂപം സൈറ്റിലുണ്ട്. മൗദൂദി സാഹിബിന്റെ ജീവചരിത്രം (ഗാലറി/ജീവചരിത്രം); മലയാളത്തിൽ പുറത്തിറങ്ങിയ *സത്യസാക്ഷ്യം*, *ഇസ്‌ലാം*, *മരണാനന്തരജീവിതം* (വിദ്യാഭ്യാസം/ ലൈബ്രറി) തുടങ്ങിയ ഗ്രന്ഥങ്ങളുടെ ഇ-പതിപ്പുകളും സൈറ്റിൽ കാണാം. www.jihkerala.org